**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3845** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഇന്ധനചലവ് കുറയ്ക്കുന്നതിന് കെ. എസ്. ആർ. ടി. സി. സ്വീകരിച്ചുവരുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇന്ധന ചെലവ് കുറയ്ക്കുന്നതിനായി കെ. എസ്. ആർ. ടി. സി. സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കാമോ; | (എ) | കോർപ്പറേഷനിലെ നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം യാത്രാവശ്യമുള്ള സ്റ്റുഡൻസ് കൺസഷൻ നൽകുന്ന ട്രിപ്പുകൾ, ഒറ്റപ്പെട്ട മറ്റു യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയിലുള്ള ട്രിപ്പുകൾ നിലനിർത്തുകയും ഡെഡ് ട്രിപ്പുകൾ പൂർണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ ചെയ്ത് ഇന്ധന ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>പരിമിതമായ യാത്രക്കാരോടെ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിനു കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള സിറ്റിയിലേക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ഇന്ധന ചെലവ് കുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസ് ആക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. ബസുകളുടെ കെ.എം.പി.എൽ. വർദ്ധിപ്പിച്ച് ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി ഓരോ ഡിപ്പോയ്ക്കും ഓരോ മാസത്തെയും ടാർഗറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ടാർഗറ്റ് കൈവരിക്കാത്ത ഡിപ്പോകളിൽ നിന്നും വിശദീകരണം ലഭ്യമാക്കുകയും കെ.എം.പി.എൽ. കുറഞ്ഞ ഡ്രൈവർമാർക്ക് പരിശീലനവും കൗൺസിലിങ്ങും നൽകി വരുന്നു. കൂടാതെ പുതുക്കി നിശ്ചയിച്ച Class wise കെ.എം.പി.എൽ. ടാർഗറ്റ് കൈവരിച്ച ഡ്രൈവർമാർക്ക് പ്രതിദിന സ്പെഷ്യൽ ഇൻസെന്റീവ് യൂണിറ്റിൽ നിന്നും നൽകി വരുന്നു. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ KMPL വർദ്ധിപ്പിച്ച് ഡീസൽ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ആറ്റിങ്ങൽ ഡിപ്പോയിലെ ബസ്സുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ആറ്റിങ്ങൽ ഡിപ്പോയുടെ KMPL മെച്ചപ്പെട്ടതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ "ആറ്റിങ്ങൽ മോഡൽ KMPL ഇമ്പ്രൂവ്മെന്റ് പദ്ധതി" ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന്റെ ആദ്യ പടിയായി കണിയാപുരം, നെടുമങ്ങാട്, കട്ടപ്പന, പാപ്പനംകോട്, പൂവാർ, തൊടുപുഴ, പെരുമ്പാവൂർ, തലശ്ശേരി, കരുനാഗപ്പള്ളി, ഗുരുവായൂർ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | പത്ത് ഡിപ്പോകളിൽ കൂടി 2025 ആഗസ്റ്റ് 1 മുതൽ നടപ്പിലാക്കി വരുന്നു. തുടർന്ന് മറ്റു ഡിപ്പോകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ഇന്ധന ചെലവും മലിനീകരണ തോതും കുറഞ്ഞ ഇലക്ട്രിക് ബസുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഇലക്ട്രിക് ബസുകൾ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ശരാശരി വൈദ്യുതി ഉപയോഗം 0.76 കിലോവാട്ട് ആണ്. ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി നിരക്ക് 9.07 രൂപ കണക്കാക്കിയാൽ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിന് വേണ്ടി വരുന്ന വൈദ്യുതി ചാർജ്ജ് ഇനത്തിലെ ചെലവ് 6.89 രൂപയാണ്.<br><br>പുതിയ ഒരു 9 മീറ്റർ ഡീസൽ Eicher ബസിന്റെ ശരാശരി ഇന്ധനക്ഷമത 5.42 കിലോമീറ്റർ ആണ്. ഒരു ലിറ്റർ ഡീസലിന് 93.90 രൂപ കണക്കാക്കിയാൽ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിന് വേണ്ടി വരുന്ന ഇന്ധന ചെലവ് 17.32 രൂപയാണ്. ആയതിനാൽ ഇലക്ട്രിക്ക് ബസ്സുകൾക്ക് ഡീസൽ ബസുകളേക്കാൾ ഇന്ധന ചെലവ് കുറവാണ്.<br><br>എന്നാൽ, ഇലക്ട്രിക്ക് ബസുകൾക്ക് വില ഡീസൽ ബസുകളെക്കാൾ വളരെ കൂടുതൽ ആണ്. ആദ്യ ഘട്ടം വാങ്ങിയ ഒരു PMI 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക്ക് ബസിന് 92.43 ലക്ഷം രൂപയാണ് വില. പുതുതായി വാങ്ങിയ 9 മീറ്റർ നോൺ എ.സി. Eicher BSVI ഡീസൽ ബസിന് 27.72 ലക്ഷം രൂപയാണ് വില. ഇലക്ട്രിക്ക് ബസുകൾക്ക് ഡീസൽ ബസുകളെക്കാൾ മൂന്ന് ഇരട്ടി വിലയുണ്ട്. ഇലക്ട്രിക് ബസ്സുകൾക്ക് ഡീസൽ ബസുകളെക്കാൾ മൂന്നിരട്ടിയിലധികം മൂലധനചെലവ് കൂടുതലായതിനാലും ഇലക്ട്രിക്കൽ ചാർജിങ് സബ് സ്റ്റേഷൻ ഏർപ്പെടുത്തുന്നതിനുള്ള ചെലവ് ഇലക്ട്രിക് ബസ്സുകളുടെ ആദ്യ രണ്ടു വർഷ വാറന്റി കാലാവധിയ്ക്കു ശേഷം ബാറ്ററി മാനേജ്മെന്റ് സിസ്റ്റം, ട്രാക്ഷൻ, മറ്റ് മോട്ടോറുകൾ, ഡ്രൈവ് കൺട്രോളർ, ഇലക്ട്രോണിക്സ് & ഹൈ വോൾട്ടേജ് ഇലക്ട്രിക്കൽ സിസ്റ്റങ്ങൾ തുടങ്ങിയവയ്ക്ക് ഓരോ കിലോമീറ്ററിനും വാഹന നിർമ്മാതാവിന് നൽകേണ്ട AMC ചാർജ്ജ് ആയ 4.61 രൂപ, ഹൈ വോൾട്ടേജ് ബാറ്ററിയുടെ ആയുസ്സ്, ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയിൽ അധിക തുക കണ്ടെത്തൽ എന്നിവ കണക്കിലെടുക്കുമ്പോൾ ഇലക്ട്രിക് ബസ്സുകളിൽ മലിനീകരണ തോത് കുറവാണെങ്കിലും ക്രമാനുഗതമായി ഇലക്ട്രിക് ബസ്സുകളിലേക്ക് സർവീസുകൾ മാറുക എന്നത് നിലവിൽ പരിഗണിക്കാൻ കഴിയുന്ന സാഹചര്യമല്ല. |
| (സി) | ഡീസൽ ബസുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസുകൾ സർവീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തിക ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 9 മീറ്റർ ഡീസ്സൽ ബസ്സുകളും, 9 മീറ്റർ ഇലക്ട്രിക്ക് ബസ്സുകളും തമ്മിൽ സർവ്വീസ് നടത്തുമ്പോൾ ഉണ്ടാകുന്ന ഇന്ധന ചെലവ് മാത്രം കണക്കാക്കിയാൽ ഒരു കിലോമീറ്ററിന് 10.43 രൂപ 9 മീറ്റർ ഡീസ്സൽ ബസ്സിന് അധികമായി ചെലവ് വരുന്നു. എന്നാൽ ഒരു 9 മീറ്റർ ഇലക്ട്രിക്ക് ബസ്സിന് ഡീസൽ ബസിനേക്കാൾ 3 ഇരട്ടി മൂലധന ചെലവും ആദ്യ 2 വർഷത്തെ വാറണ്ടി കാലാവധിക്ക് ശേഷം ബാറ്ററി മാനേജ്മെന്റ് സിസ്റ്റം, ട്രാക്ഷൻ, മറ്റ് മോട്ടോറുകൾ, ഡ്രൈവ് കൺട്രോളർ, ഇലക്ട്രോണിക്സ് & ഹൈവോൾട്ടേജ് ഇലക്ട്രിക്കൽ സിസ്റ്റങ്ങൾ, തുടങ്ങിയവയുടെ മാത്രം AMC ഇനത്തിൽ ഓരോ കിലോമീറ്ററിനും 4.61 രൂപ ചെലവ് വരുന്നുണ്ട്. ഹൈവോൾട്ടേജ് ബാറ്ററിയുടെ ശരാശരി ആയുസ്സ് നിലവിൽ കണക്കാക്കുവാൻ |

<table>
<tr>
<td></td>
<td></td>
<td></td>
<td>സാധിച്ചിട്ടില്ല, കൂടാതെ ഹൈവോൾട്ടേജ് ബാറ്ററിക്ക് ഇലക്ട്രിക്ക് ബസ്സിന്റെ വിലയുടെ ഏകദേശം 30-35% ആണ് കണക്കാക്കുന്നത്.<br><br>Un-Audited കണക്ക് പ്രകാരം ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തിയാൽ സാമ്പത്തിക ലാഭം ഉണ്ടാകുമെന്ന് നേരത്തെ കണക്കാക്കിയിരുന്നു.<br><br>മറ്റ് സംസ്ഥാനങ്ങളിലെ നിലവിലെ കണക്കുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും long run-ൽ ഡീസൽ ബസുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസുകൾ സർവീസ് നടത്തിയാൽ സാമ്പത്തിക ലാഭം ഉണ്ടാകുമെന്ന് നിലവിൽ പറയാൻ കഴിയില്ല.<br><br>പാരിസ്ഥിതിക ലാഭമാണ് ഇലക്ട്രിക്ക് ബസുകൾ സർവീസ് നടത്തുമ്പോൾ ലഭിക്കുന്നത്.</td>
</tr>
<tr>
<td>(ഡി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ. എസ്. ആർ. ടി. സി. വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസുകളുടെ എണ്ണം എത്രയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?</td>
<td>(ഡി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി.യിൽ വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th></th><th>Buses Registered Under KSRTC</th><th>Buses Registered Under KSRTC-SWIFT Ltd.</th><th>Total</th></tr>
<tr><td>Diesel Bus</td><td>113</td><td>311</td><td>424</td></tr>
<tr><td>Electric Bus</td><td>-</td><td>165</td><td>165</td></tr>
<tr><td colspan="3">Total</td><td>589</td></tr>
</table>
<br>ആകെ ചെലവായ തുക 337.71 കോടി രൂപയാണ്.<br><br>ഇതിന് പുറമേ വിതരണ ഉത്തരവ് നൽകിയതിൽ രണ്ട് 15 മീറ്റർ എ.സി. സ്ലീപ്പർ (വോൾവോ), രണ്ട് 13.5 മീറ്റർ എ.സി. സ്ലീപ്പർ, പത്ത് 10.5 മീറ്റർ എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ ലഭ്യമാകുന്നതാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ